കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ സ്വയംതൊഴിൽ പദ്ധതി

10 [2165] ശ്രീ. ആനത്തലവട്ടം ആനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിൽ സ്വയം തൊഴിൽ പദ്ധതി പ്രകാരമോ തൊഴിലധിഷ്ഠിത പദ്ധതി പ്രകാരമോ ആട്ടോറിക്ഷ വാങ്ങുന്നതിനുള്ള പദ്ധതി നിറുത്തലാക്കുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ധാരാളം അപേക്ഷകരുള്ളപ്പോൾ ഇത് നിറുത്തലാക്കിയത് റദ്ദാക്കി അടിയന്തിരമായി ലോൺ അനുവദിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ആറാറിങ്ങൽ, വർക്കല എന്നീ ബ്രാഞ്ചുകളിൽ സ്വർണ്ണപ്പണയ പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിന്റെ സ്വയം തൊഴിൽ പദ്ധതിപ്രകാരം ആട്ടോറിക്ഷ വാങ്ങിയവർക്ക് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ അവ ഓടിക്കുവാനുള്ള പെർമിറ്റ് ബന്ധപ്പെട്ട രജിസ്റ്റിംഗ് അധികാരികളിൽ നിന്നും ലഭ്യമാകാതെ വന്നതുമൂലം വായ്പ തിരിച്ചടയ്ക്കാൻ പ്രയാസമുള്ളതായി ഉപഭോക്താക്കൾ അറിയിച്ചതിനാൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ഓട്ടോറിക്ഷ നൽകുന്നത് തൽക്കാലം നിറുത്തിവെയ്ക്കേണ്ടിവന്നു.

(ബി) ഓട്ടോറിക്ഷ ഓടിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും പെർമിറ്റ് കിട്ടുവാൻ സാദ്ധ്യതയുള്ള പഞ്ചായത്തു പ്രദേശങ്ങളിലെ അപേക്ഷകർക്ക് ഓട്ടോറിക്ഷ നൽകുന്നതിനുവേണ്ട നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ച് യഥാസമയം തീരുമാനിക്കുന്നതാണ്.

കെ. എഫ്. സി.-യുടെ കൊല്ലം ശാഖയിലെ അഴിമതി

11 [2166] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടൻമാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്ന സ്കീം പ്രകാരം കെ. എഫ്. സി. മിനി ലോറി വാങ്ങുന്നതിലേക്കായി ലോൺ അനുവദിച്ചു വരുന്നുണ്ടോ;

(ബി) പ്രസ്തുത ലോണിന്റെ പലിശ നിരക്ക് എത്രയാണ്;

(സി) ഏതെങ്കിലും തരത്തിലുള്ള സബ്സിഡി പ്രസ്തുത ലോണിന് നൽകി വരുന്നുണ്ടോ;

(ഡി) കെ. എഫ്. സി -യുടെ കൊല്ലം ശാഖയിൽ ഇത്തവണ ലോൺ അനുവദിക്കുന്ന കാര്യത്തിൽ കാലതാമസവും അഴിമതിയും നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കാലതാമസവും അഴിമതിയും ഇല്ലാതാക്കുന്നതിൽ സത്വര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പലിശ നിരക്ക് 15 ശതമാനം ആണ്.

(സി) സബ്സിഡി നിലവിലില്ല. എന്നാൽ വിമുക്ത ഭടൻമാർക്ക് 15 ശതമാനം മൂലധന വായ്പ അനുവദിക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ മൂലധന വായ്പയ്ക്ക് പലിശ ഈടാക്കുന്നില്ല. 1 ശതമാനം സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുന്നുള്ളൂ.

(ഡി) ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഇ) ഏതെങ്കിലും കേസ്സുകൾ ശ്രദ്ധയിൽ പെട്ടാൽ നടപടിയെടുക്കുന്നതാണ്.

കെ. എസ്. എഫ്. ഇ.-യിലെ ഡ്രൈവറുടെ നിയമനം

12 [2167] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുണ്ടോ;

(ബി) 7-11-1989-ലെ സർക്കാർ ഉത്തരവ് നമ്പർ 172/89/ധിഡി പ്രകാരം സബോർഡിനേറ്റ് സ്റ്റാഫിൽ നിന്നും മാത്രമേ ഡ്രൈവറെ നിയമിക്കാവൂ എന്ന് നിയമം അനുശാസിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ നിയമവിരുദ്ധമായി ദിവസക്കൂലി വ്യവസ്ഥയിൽ നടത്തിയ നിയമനത്തെപ്പറ്റി അന്വേഷിച്ച് മേൽനടപടി സ്വീകരിക്കുമോ;

(ഡി) ദിവസശമ്പളക്കാർക്ക് അവധിദിവസങ്ങളിൽ കെ.എസ്.എഫ്.ഇ. അധികൃതർ ശമ്പളം നൽകിയ നടപടി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കമ്പനിക്കുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഒരു ഡ്രൈവറെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബിയുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ദിവസ ശമ്പളക്കാർക്ക് അവധി ദിവസങ്ങളിലും ജോലി ചെയ്യേണ്ടതായി വന്ന അവസരങ്ങളിൽ അങ്ങനെയുള്ള ദിവസങ്ങളിലും കൂലികൊടുത്തിട്ടുണ്ട്.

(ഇ) മുകളിൽ പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ കമ്പനിക്ക് നഷ്ടമുണ്ടായിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly